(ബി) അർഹരെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

(സി) അർഹരായ മുഴുവനാളുകൾക്കും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഉണ്ട്. സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 299/2010/ ആർ.ഡി തീയതി 27-7-2010 പ്രകാരം "ഉത്തമലബാറിലെ ക്ഷേത്ര ആചാരസ്ഥാനികർ/ കോലധാരികൾ എന്നിവർക്കുള്ള ധനസഹായ പദ്ധതി-2010" എന്ന പേരിൽ ഒരു പദ്ധതി അംഗീകരിച്ച് നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും ടി ഉത്തരവിനോടൊപ്പമുള്ള അനുബന്ധത്തിൽ ചേർത്തിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങളിൽ ചിലത് അർഹരായ പലർക്കും ഈ ആനുകൂല്യം ലഭിക്കുന്നതിന് തടസ്സമാകും എന്ന് ബോധ്യമായതിനാൽ അവയിൽ ചിലത് ഭേദഗതി വരുത്തി 29-1-2011 -ൽ സർക്കാർ ഉത്തരവ് (എം എസ്.) 54/2011/ആർ. ഡി. ആയി പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അർഹരായവർക്ക് അവസരം ലഭിക്കുന്നതിനായി അവരിൽനിന്നും അപേക്ഷ സ്വീകരിക്കുന്നതിന് 2011 മാർച്ച് 15-ാം തീയതി വരെ കാലാവധി നൽകിക്കൊണ്ട് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർക്ക് 29-1-2011 -ലെ 67235/ദേവ.1/2010/ആർ.ഡി. കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതും ആയതിനുള്ള നടപടികൾ സ്വീകരിക്കാൻ മലബാർ ദേവസ്വം ബോർഡ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

പേരാമ്പ്ര മണ്ഡലത്തിലെ ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവൃത്തികൾ

230(438) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പേരാമ്പ്ര മണ്ഡലത്തിലെ എത്ര ക്ഷേത്രങ്ങളുടെ ജീർണ്ണോദ്ധാരണ പ്രവൃത്തികൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട് എന്നും അവ ഏതെല്ലാമെന്നും എത്ര തുക അനുവദിച്ചിട്ടുണ്ട് എന്നും വർഷം തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 96 ക്ഷേത്രങ്ങൾക്ക് ജീർണ്ണോദ്ധാരണ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പൂർണ്ണ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly